بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 07.03.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## റമദാനും ദുആകളുടെ പ്രാധാന്യവും

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطَانِ الرَّجِیۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

وَاِذَا سَاَلَکَ عِبَادِیۡ عَنِّیۡ فَاِنِّیۡ قَرِیۡبٌ ؕ اُجِیۡبُ دَعۡوَۃَ الدَّاعِ اِذَا
دَعَانِ ۙ فَلۡیَسۡتَجِیۡبُوۡا لِیۡ وَلۡیُؤۡمِنُوۡا بِیۡ لَعَلَّهُمۡ یَرۡشُدُوۡنَ ﴿۱۸۷﴾

അല്ലാഹു പറയുന്നു: എന്റെ ദാസന്മാർ നിന്നോട് എന്നെപ്പറ്റി ചോദിക്കുമ്പോൾ തീർച്ചയായും ഞാൻ സമീപസ്ഥനാണ്. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം നല്കുന്നു; അവൻ എന്നെ വിളിക്കുമ്പോൾ. ആയതിനാൽ സന്മാർഗം പ്രാപിക്കുന്നതിനായി അവരും എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ.

റമദാൻ ആരംഭിക്കുമ്പോൾ തന്നെ മനസ്സിൽ നമസ്കാരത്തിലേക്ക് ഉടനെ ശ്രദ്ധ ഉണ്ടാകുന്നു. കാരണം ഇത് അനുഗ്രഹങ്ങളുടെ മാസം ആകുന്നു. അതുകൊണ്ട് പൊതുവിൽ ജനങ്ങൾ മസ്ജിദിലേക്കും കൂടുതലായി ശ്രദ്ധ തിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജനങ്ങൾക്ക് ചുരുങ്ങിയത് ഈ ദിവസങ്ങളിലെങ്കിലും തങ്ങൾ മസ്ജിദിലേക്ക് പോകണമെന്നും അല്ലാഹുവിനോട് അനുഗ്രഹം തേടണം എന്നുമുള്ള ചിന്ത ഉണ്ടാകുന്നു.

അല്ലാഹു പറയുന്നു: ഞാൻ റമദാൻ ദിവസങ്ങളിൽ നരകത്തിന്റെ കവാടങ്ങൾ അടയ്ക്കുകയും ശൈത്താനെ ബന്ധനസ്ഥനാക്കുകയും സ്വർഗീയ കവാടങ്ങൾ തുറക്കുകയും ചെയ്യുന്നു. ഇതിൽ നിന്ന് ജനങ്ങൾ റമദാനിൽ മാത്രം ഇബാദത്തുകളിലേക്ക് ശ്രദ്ധയുണ്ടായാൽ മതി എന്ന് ധരിക്കുന്നു. വാസ്തവത്തിൽ ഇത് തെറ്റായ ചിന്താഗതിയാണ്. റമദാനിൽ അല്ലാഹു ഇബാദത്തുകളിലേക്ക് കൂടുതലായി ശ്രദ്ധ തിരിച്ചിട്ടുള്ളത് അത് ജീവിതത്തിന്റെ ഭാഗമാക്കാൻ വേണ്ടിയാണ്. അതല്ലെങ്കിൽ റമദാനിൽ മാത്രമായുള്ള ഇബാദത്തുകൾ ഒരു പ്രയോജനവും നൽകുന്നതല്ല.

തിരുനബി(സ) പറയുന്നു: വിശ്വാസത്തിന്റെ തേട്ടങ്ങളും പ്രതിഫലം ലഭിക്കുമെന്ന ഉദ്ദേശ്യത്തോടെയും റമദാനിലെ രാത്രികളിൽ എഴുന്നേറ്റ് നമസ്കരിക്കുന്നവരുടെ മുൻകാല പാപങ്ങളെല്ലാം പൊറുത്തു കൊടുക്കപ്പെടുന്നതാണ്. അല്ലാഹു വളരെയധികം പൊറുക്കുന്നവൻ ആകുന്നു. അതുകൊണ്ട് അവൻ നമുക്ക് ഒരു സന്ദർഭം തരികയാണ്. നിങ്ങളിൽനിന്ന് വർഷത്തിനിടയിൽ തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ഇനി പുതുതായി ശപഥം ചെയ്യുക; ആരാധനകൾ യാഥവിധി നിറവേറ്റുന്നതാണെന്നും മേലിൽ അല്ലാഹു നൽകിയ കല്പനകൾ അനുസരിച്ച് നന്മകൾ ചെയ്യുന്നതാണെന്നും. എങ്കിൽ അല്ലാഹു നമ്മിലേക്ക് കാരുണ്യത്തോടെ തിരിയുന്നതാണ്.

അല്ലാഹു പറയുന്നു: എന്റെ ദാസൻ എന്നെ സംബന്ധിച്ച് ചോദിക്കുമ്പോൾ എന്നതിൽ ദൈവ പ്രേമികളെ സംബന്ധിച്ചാണ് വിവക്ഷിക്കുന്നത്. ഒരു പ്രേമി ഒരിക്കലും തന്നെ വർഷത്തിൽ 11 മാസവും തന്റെ സ്നേഹം വെളിപ്പെടുത്താതെ കേവലം ഒരു മാസത്തേക്ക് മാത്രമായി വെളിപ്പെടുത്തുന്നതല്ല. അതുകൊണ്ട് അല്ലാഹുവിനോട് നമുക്ക് അവന്റെ സാമിപ്യം നൽകണമേ എന്നും നമുക്ക് സ്വീകൃതയോഗ്യമായ ദുആകൾ ചെയ്യാൻ കഴിയേണമേ എന്നും (അവന്റെ കൂടിക്കാഴ്ച ലഭിക്കേണമേയെന്നും) ദുആ ചെയ്യുക.

അല്ലാഹു കൂടെ കൂടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ളത്, അല്ലാഹുവിനോടുള്ള കടമകളും അവന്റെ അടിയാറുകളോടുള്ള കടമകളും നിറവേറ്റാൻ ശ്രമിക്കുക എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനിൽ 700 കൽപ്പനകൾ ഉണ്ടെന്നു പറയുന്നു. മറ്റൊരു സ്ഥലത്ത് എഴുന്നൂറിൽ അധികം കല്പനകൾ ഉണ്ടെന്നും പറഞ്ഞിട്ടുണ്ട്. (റമദാനിൽ ഖുർആൻ പാരായണം ചെയ്യുന്ന കാര്യത്തിലേക്കും സവിശേഷമായ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്.

ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ അതിലെ കൽപനകളെ അന്വേഷിക്കുന്നതാണ്. ഈ കൽപ്പനകളെ അന്വേഷിക്കുകയാണെങ്കിൽ നമ്മൾ അതനുസരിച്ച് പ്രവർത്തിക്കുന്നതാണ്. ഇത് തന്നെയാണ് സത്യസന്ധനായ ഒരു പ്രേമിയുടെ കർത്തവ്യം.

അല്ലാഹു പറയുന്നു: വിശ്വാസവും സൽക്കർമ്മവും ഒന്നിച്ച് നീങ്ങുന്നതാണ്. അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുകയാണെങ്കിൽ പിന്നെ അത്തരക്കാർ അല്ലാഹുവിന്റെ സുഹൃത്തായി തീരുന്നതാണ്. അല്ലാഹുവിന്റെ സൗഹൃദവും വിശ്വാസവും നിങ്ങൾക്ക് അല്ലാഹുവിന്റെ സാമിപ്യം നേടിത്തരുന്നതാണ്. പിന്നെ ഈ സാമിപ്യത്തിൽ പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കും. ഈ സാമീപ്യം ഏതെങ്കിലും ഒരു തലത്തിൽ എത്തി നിലച്ചു പോകുന്നതല്ല. ഇത് കാരണം അവൻ ദുആകളും കേൾക്കുന്നതാണ്. റമദാനിൽ ഈ സ്ഥാനം കരസ്ഥമാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.

ദുആകൾ സ്വീകരിക്കുന്നതിന്വേണ്ടി അല്ലാഹുവും ചില നിബന്ധനകൾ വെച്ചിട്ടുണ്ട്. ആദ്യം പറഞ്ഞത് നിങ്ങൾ അവന്റെ ദാസൻ ആയിത്തീരണം എന്നാണ്. ആത്മാർത്ഥമായി ഇബാദത്തുകൾ ചെയ്യണം, അവനെ എല്ലാ കഴിവുകളുടെയും സ്രോതസ്സായി മനസ്സിലാക്കണം. ഭൗതികമായ ഒന്നിനെയും ദൈവമാക്കരുത്. അത് പിന്നെ ശിർക്കിലേക്ക് കൊണ്ടുപോകുന്നതാണ്. ഏറ്റവും വലിയ കാര്യം എന്ന് പറയുന്നത്, അല്ലാഹുവിനോട് അവന്റെ കാരുണ്യവും വാത്സല്യവും ചോദിക്കുക എന്നതാണ്. അവന്റെ കൽപ്പനകൾ അനുസരിച്ചു പ്രവർത്തിക്കാൻ ശ്രമിക്കുക.

പിന്നെ നമ്മെ നന്മയിലേക്ക് കൊണ്ടുപോകുന്നതിന് തിരുനബി(സ) പറഞ്ഞ ഒരുപാട് കാര്യങ്ങളുണ്ട്. (ഇക്കാലത്ത്) ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന്റെ കടമ നിറവേറ്റാൻ നമ്മുടെ ശ്രദ്ധക്ഷണിച്ചിരിക്കുന്നു. ബൈഅത്ത് നിബന്ധനകളിൽ അധികവും അല്ലാഹുവിനോടും അവന്റെ അടിയാറുകളോടുള്ള കടമകളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ആയതിനാൽ ഈ കാര്യങ്ങളിലേക്ക് നമ്മൾ ശ്രദ്ധിക്കണം. നമ്മൾ അങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹു നമ്മുടെ സുഹൃത്തായി മാറുന്നതാണ്. നമ്മുടെ ദുആകൾ സ്വീകരിക്കുന്നതുമാണ്. തിരുനബി(സ) പറയുന്നു: അക്ഷമ കാണിക്കാത്തവരുടെ ദുആകൾ അല്ലാഹു സ്വീകരിക്കുന്നു. താൻ ഒരുപാട് ദുആ ചെയ്തുവെങ്കിലും അല്ലാഹു അത് സ്വീകരിക്കുന്നില്ല എന്ന് അവർ പറയുന്നതല്ല. ഇത് കുഫർ ആണ്; ഈമാനിൽനിന്ന് അകറ്റുന്ന കാര്യങ്ങളാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇത് രണ്ട് സുഹൃത്തുക്കൾ തമ്മിലുള്ള കാര്യമാണ്. ചില സമയത്ത് സുഹൃത്ത് പറയുന്നത് അംഗീകരിക്കുന്നു. മറ്റു ചിലപ്പോൾ തന്റെ കാര്യങ്ങൾ സുഹൃത്തിനെകൊണ്ട് അംഗീകരിപ്പിക്കുന്നു. അതുപോലെ അല്ലാഹുവും ചെയ്യുന്നു. എന്നാൽ പ്രത്യക്ഷത്തിൽ ഒരു വിശ്വാസിയുടെ ദുആ അല്ലാഹു നിരാകരിക്കുന്നതും അവന്റെ പ്രയോജനത്തിനു വേണ്ടി തന്നെയാണ്... എന്റെ ദാസൻ എന്നെ സംബന്ധിച്ച്, ദൈവികമായ അസ്തിത്വത്തിനുള്ള തെളിവ് എന്താണെന്ന് ചോദിക്കുമ്പോൾ അതിനുള്ള മറുപടി, ഞാൻ വളരെ സമീപസ്ഥനാകുന്നു എന്നതാണ്. എന്റെ അസ്ഥിത്വത്തെ സംബന്ധിച്ചു മനസ്സിലാക്കുന്നതിനു വലിയ തെളിവുകൾ ഒന്നും ആവശ്യമില്ല. വളരെ എളുപ്പത്തിൽ എന്റെ അസ്തിത്വത്തിനുള്ള തെളിവ് ലഭിക്കുന്നതാണ്. ആ തെളിവ് എന്തെന്നാൽ, ആരെങ്കിലും എന്നെ വിളിച്ച് പ്രാർത്ഥിക്കുകയാണെങ്കിൽ ഞാൻ അവന്റെ അർഥന കേൾക്കുന്നു. എന്റെ ഇൽഹാം മുഖേന അതിന്റെ സ്വീകാര്യത്തെക്കുറിച്ച് സുവാർത്ത നൽകുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു: **യുഅ്മിനൂന ബിൽ ഗൈബ്** അതായത് അവർ അദൃശ്യത്തിൽ വിശ്വസിക്കുന്നവരാണ്. ഇതിന്റെ വളരെ സൂക്ഷ്മമായ വിശദീകരണം നൽകിക്കൊണ്ട് ആ മഹാത്മാവ് ഒരിടത്തു പറയുന്നു: ഗൈബ് എന്നതും അല്ലാഹുവിന്റെ നാമമാണ്. ഓരോ ദുആക്ക് മുമ്പും അല്ലാഹു ഉണ്ടെന്നും അവൻ എല്ലാ കഴിവുകളും ശക്തികളും ഉള്ളവനാണെന്നും ബോധ്യം വേണം. ഈ ഉത്തമ ബോധ്യത്തോടെ കൂടി അല്ലാഹുവിലേക്ക് മുന്നേറുകയാണെങ്കിൽ പിന്നെ നിങ്ങൾക്ക് അല്ലാഹുവിന്റെ ശരിയായ തിരിച്ചറിവ് ലഭ്യമാകുന്നതാണ്. വർഷത്തിൽ റമളാനിൽ മാത്രമായി നമസ്കാരങ്ങൾ അനുഷ്ഠിക്കാൻ ശ്രമിക്കരുത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികൾ നമസ്കാരത്തിലേക്ക് വളരെയേറെ ശ്രദ്ധയുള്ളവരാണ്. പക്ഷേ ഇപ്പോഴും ദൗർബല്യങ്ങൾ ഉണ്ട്.

നമ്മൾ ഈ റമദാനെ നമ്മുടെ ഇബാദത്തുകളുടെ നിലവാരം ഉയർത്തുന്നതാക്കി തീർക്കണം. ദൈവസാമിപം കരസ്ഥമാക്കുന്നതാക്കി മാറ്റണം. അങ്ങനെ അല്ലാഹുവിന്റെ ആത്മാർത്ഥരായ അടിയാറുകളായി മാറണം. ആയതുകൊണ്ട് ഈ റമദാനിൽ നമ്മുടെ ഇബാദത്തുകളെ നമ്മൾ സജീവമാക്കുന്നതാണ് എന്ന് ശപഥം ചെയ്യേണ്ടതാണ്.

പിന്നെ അല്ലാഹു നമുക്ക് ഈ ശപഥത്തെ പൂർത്തീകരിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ എന്ന് ദുആയും ചെയ്തുകൊണ്ടിരിക്കുക. (പിന്നെ തങ്ങളുടെ കഴിവുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അതിനായി പരിശ്രമിക്കുക.)

തിരുനബി(സ) പറയുന്നു: വന്നിരിക്കുന്ന പരീക്ഷണങ്ങൾക്കും വരാനിരിക്കുന്ന പരീക്ഷണങ്ങൾക്കും എതിരിൽ ദുആ വളരെ പ്രയോജനം നൽകുന്നതാണ്. അല്ലയോ അല്ലാഹുവിന്റെ ദാസന്മാരേ! നിങ്ങൾ ദുആ ചെയ്യുന്നത് നിർബന്ധമാക്കുക. (ഹുസൂർ തിരുമനസ്സ് പറയുന്നു:) റമദാനിലെ ദിവസങ്ങളിൽ മാത്രമായി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുന്നില്ല. വിവിധ സന്ദർഭങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. അതിനാൽ അല്ലാഹു പറയുന്നു: നിങ്ങൾ ഈ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുമ്പോൾ മാത്രം ദുആ ചെയ്താൽ പോരാ. മറിച്ച് നബി(സ) പറയുന്നു: വരാൻ സാധ്യതയുള്ള പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടാൻ ദുആ ഉപകരിക്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ സ്ഥായിയായി ദുആ ചെയ്യുക. (അല്ലാഹു ആ പ്രയാസങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. എപ്പോഴും പ്രയോജനം മാത്രം നൽകിക്കൊണ്ടിരിക്കുമാറാകട്ടെ.)

തിരുനബി(സ) പറയുന്നു: നമ്മുടെ റബ്ബ് എല്ലാ രാത്രിയും ഏറ്റവും സമീപമുള്ള ആകാശത്തിലേക്ക് ഇറങ്ങി വരുന്നു. ഈ രാത്രിയുടെ മൂന്നാമത്തെ യാമം ബാക്കിയാകുമ്പോൾ അല്ലാഹു പറയുന്നു: എന്നെ വിളിച്ചു പ്രാർത്ഥിക്കുന്നവന് ഞാൻ ഉത്തരം നൽകുന്നതാണ്. എന്നോട് ചോദിക്കുന്നവന് ഞാൻ നൽകുന്നതാണ്. എന്നോട് പാപപ്പൊറുതി തേടുന്നവന് ഞാൻ പൊറുത്തു കൊടുക്കുന്നതാണ്. ഇത് റമദാനുമായി മാത്രം ബന്ധിതമല്ല. ഇവിടെ പൊതുവായ അവസ്ഥയെ സംബന്ധിച്ചാണ് പറഞ്ഞുവരുന്നത്. തിരുനബി(സ) പറയുന്നു: അല്ലാഹു പ്രയാസഘട്ടങ്ങളിൽ തന്റെ ദുആ സ്വീകരിക്കണമെന്ന് ആഗ്രഹിക്കുന്നവൻ പ്രയാസരഹിതമായ സുഭിക്ഷാവസ്ഥയിലും വളരെയേറെ ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവുമായുള്ള നമ്മുടെ ബന്ധം എല്ലാ സമയത്തും ഉണ്ടാകണം.

നബി(സ) പറയുന്നു: (അല്ലാഹു പറയുന്നു:) ഞാൻ ദാസനോട് അവന്റെ ചിന്തയനുസരിച്ചാണ് പെരുമാറുന്നത്. അവൻ എന്നെ ഓർക്കുമ്പോൾ ഞാൻ അവന്റെ കൂടെത്തന്നെയുണ്ട്. അവൻ മനസ്സിൽ എന്നെ ഓർക്കുമ്പോൾ ഞാനും അവനെ എന്റെ മനസ്സിൽ ഓർക്കുന്നു. അവൻ എന്നെ പറ്റി ഏതെങ്കിലും സദസ്സിൽ പറയുമ്പോൾ ഞാൻ അതിനേക്കാളും നല്ല സദസ്സിൽ അവനെ സ്മരിക്കുന്നു. അവൻ എന്റെ അടുത്തേക്ക് ഒരു ചാണടുക്കുകയാണെങ്കിൽ ഞാൻ അവന്റെ അടുത്തേക്ക് ഒരു മുഴം അടുക്കുന്നു, അവൻ എന്നിലേക്ക് ഒരു മുഴമടുക്കുമ്പോൾ ഞാൻ അവനിലേക്ക് രണ്ടു മുഴം അടുക്കുന്നു. അവൻ എന്നിലേക്ക് നടന്നു വരുമ്പോൾ ഞാൻ അവനിലേക്ക് ഓടി അടുക്കുന്നു. (ഹുസൂർ തിരുമനസ്സ് പറയുന്നു:) ചുരുക്കത്തിൽ ഒരോ അഹ്മദിയും അല്ലാഹുവിന്റെ സ്മരണയെ തങ്ങളുടെ അധരങ്ങളിൽ സജീവമാക്കേണ്ടതാണ്. നമ്മുടെ ഓരോ കർമ്മവും പ്രവർത്തിയും നമ്മുടെ ചുവട് അല്ലാഹുവിന്റെ അടുത്തേക്ക് എത്തിക്കുന്നത് ആകേണ്ടതാണ്.

ഒരു നിവേദനത്തിൽ വരുന്നു; തിരുനബി(സ) പറഞ്ഞു: ഹദ്റത്ത് യൂനുസ്(അ) മത്സ്യത്തിന്റെ വയറ്റിൽ ഇരുന്ന് ഇങ്ങനെ ദുആ ചെയ്തു:

لَآ اِلٰهَ اِلَّآ اَنْتَ سُبْحٰنَكَ ۖ اِنِّيْ كُنْتُ مِنَ الظّٰلِمِيْنَ

ഒരു മുസ്‌ലിം പ്രയാസ ഘട്ടങ്ങളിൽ ഈ ദുആ ചെയ്യുകയാണെങ്കിൽ അല്ലാഹു തീർച്ചയായും അത് സ്വീകരിക്കുന്നതാണ്.

അല്ലാഹു തന്റെ ദാസനോട് കരുണയുള്ളവനാകുന്നു. അല്ലാഹു തന്നെ ദുആകൾ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. വിശുദ്ധ ഖുർആനിൽ നമുക്ക് വിവിധ ദുആകൾ പഠിപ്പിച്ചു തന്നിരിക്കുന്നു. എന്തിനാണ് ഈ ദുആകൾ പഠിപ്പിച്ചത്? നമ്മൾ ഈ ദുആകൾ ചെയ്യുന്നതിന് വേണ്ടിയാണ് പഠിപ്പിച്ചത്. അല്ലാഹു അത് സ്വീകരിക്കുന്നതാണ്. പക്ഷേ നമ്മൾ ആദ്യം അവനോടുള്ള കടമകൾ പൂർത്തിയാക്കേണ്ടതാണ്.

(യൂനുസ് നബിയുടെ) ഈ ദുആയെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു വിധികളെ മാറ്റുന്നതാണ് എന്ന ഒരു പാഠം ഇതിൽനിന്ന് ലഭിക്കുന്നുണ്ട്. ഈ സംഭവത്തിൽ ഉള്ളത്പോലെ കരഞ്ഞ് വിലപിക്കുകയും സ്വദഖകൾ കൊടുക്കുകയുമാണെങ്കിൽ കുറ്റങ്ങൾക്ക് ശിക്ഷ വിധിക്കപ്പെട്ടതാണെങ്കിലും അവൻ അത് ഒഴിവാക്കുന്നതാണ്. ആപത്തുകൾ ഇറങ്ങുന്നതിനു മുമ്പേ ദുആ ചെയ്യുകയും ഇസ്തിഗ്ഫാർ ചെയ്യുകയും സ്വദഖകൾ നൽകുകയുമാണെങ്കിൽ അല്ലാഹു അവർക്ക്മേൽ കരുണ ചൊരിയുകയും ദൈവിക ശിക്ഷയിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യുന്നതാണ്.

കഴിഞ്ഞ ദിവസങ്ങളിലും ഞാൻ ദുആകളിലേക്ക് ശ്രദ്ധ ക്ഷണിച്ചപ്പോൾ ഇസ്തിഗ്ഫാർ ചെയ്യുന്നതിനും പ്രത്യേകം ഓർമ്മിപ്പിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഇസ്തിഗ്ഫാർ ഒരു പരിചയാകുന്നു. ഒരുപാട് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിനോട് സത്യഹൃദയത്തോടെ ദുആകൾ ചെയ്തു കൊണ്ടിരിക്കുക. റമദാന്ശേഷവും നന്മകളിലും പ്രാർഥനകളിലും നിലകൊള്ളാൻ പരിശ്രമിക്കുക. പിന്നെ അല്ലാഹു എങ്ങനെയാണ് നമ്മുടെ അടുത്തേക്ക് ഓടി വരുന്നതെന്നും അവൻ നമ്മെ എങ്ങനെയാണ് തന്റെ മടിത്തട്ടിലേക്ക് എടുക്കുന്നതെന്നും കാണുക.

ഇന്ന് ലോകത്തുള്ള ചില സ്ഥലങ്ങളിലെ അവസ്ഥകൾ, പാക്കിസ്ഥാനിലും ബംഗ്ലാദേശിലും അൽജീരിയയിലും അല്ലെങ്കിൽ ആഫ്രിക്കയിലെ ചില രാജ്യങ്ങളിലും വളരെ മോശമായ ഗ്രൂപ്പുകൾ അധികാരം പിടിച്ചിരിക്കുന്നു, അക്രമങ്ങൾ നടത്തുന്നു. ചില പാർട്ടികൾ അക്രമങ്ങൾ നടത്തുന്നു. ഈ ഗ്രൂപ്പുകളെ ഭരണകൂടങ്ങളും ഭയപ്പെടുന്നു; അവർ പറയുന്നത് അനുസരിക്കുന്നു. അല്ലാഹുവിനോട് ദുആ ചെയ്യുക; അല്ലാഹു ഈ ആക്രമികളിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ. അവരോട് അവൻ തന്നെ പകരം ചോദിക്കുമാറാകട്ടെ. നമ്മളോട് ശത്രുത വച്ചു പുലർത്തുന്നവർക്കെതിരെ അവൻ നമ്മെ സഹായിക്കുമാറാകട്ടെ. നമ്മൾ റമദാനിൽ ദുആകൾ ചെയ്യുകയാണെങ്കിൽ അല്ലാഹു ഒരു വിപ്ലവം തന്നെ ഉണ്ടാക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിനുള്ള ഏറ്റവും സമീപസ്ഥമായ മാർഗ്ഗം ദുആ ആകുന്നു. പരിപക്വമായ ദുആയുടെ ചേരുവകൾ വേദനയും അസ്വസ്ഥതയും ആർദ്രതയും ആകുന്നു. അതിൽ വിനയവും അസ്വസ്ഥതയും ഉണ്ടായിരിക്കണം.

ചുരുക്കത്തിൽ ദുആകളിലേക്ക് ഒരുപാട് ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു. ഈ റമദാനെ അങ്ങനെ ദുആകളുടെ സ്വീകാര്യതയുടെ റമദാൻ ആക്കി മാറ്റുക. തങ്ങൾക്കുള്ളിൽ സ്ഥായിയായ പരിശുദ്ധ മാറ്റങ്ങൾ ഉണ്ടാക്കുന്ന റമദാൻ ആക്കി മാറ്റുക.

അല്ലാഹു നമ്മെ ശത്രുക്കളിൽ നിന്നും എല്ലാ എതിരാളികളിൽ നിന്നും എല്ലാ ദ്രോഹികളിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. (ഈ റമദാനെ താന്താങ്ങളുടെ ജീവിതത്തിൽ സ്ഥായിയായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനു നിമിത്തമാക്കുമാറാകട്ടെ.) അല്ലാഹു നമുക്ക് അതിനു തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 07.03.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam**, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516